"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - പാലക്കാട് മണ്ണാർക്കാട് ചങ്ങലീരി എ.യു.പി. സ്കൂളിലെ ശ്രീമതി. അനുമോൾ ബേബി എൽ.പി.എസ്.ടി, ശ്രീമതി. ഷൈനി തോമസ് യു.പി.എസ്.ടി., ശ്രീമതി. ഷീനാമോൾ ജോൺ എൽ.പി.എസ്.ടി. എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C)14562/2025-ൽ 08/04/2025 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5314/2026/GEDN** തീയതി, തിരുവനന്തപുരം, 07-08-2026

---

പരാമർശം:-

1. റിട്ട് ഹർജി (സിവിൽ) നം. 14562/2025-ൽ ബഹു. ഹൈക്കോടതിയുടെ 08/04/2025 തീയതി വിധിന്യായം.
2. ശ്രീമതി. അനുമോൾ ബേബി, ശ്രീമതി. ഷൈനി തോമസ്, ശ്രീമതി. ഷീനാമോൾ ജോൺ എന്നിവർ സർക്കാരിൽ ഫയൽ ചെയ്ത 11/04/2025 തീയതിയിലെ ഹർജികൾ.
3. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/08/2025, 16/01/2026 തീയതികളിലെ AEOMRD/1085/2025-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) -ടെ 22/07/2026 തീയതിയിലെ DGE/10266/2026-G4 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മണ്ണാർക്കാട് ചങ്ങലീരി എ.യു.പി. സ്കൂളിലെ ശ്രീമതി. അനുമോൾ ബേബി എൽ.പി.എസ്.ടി, ശ്രീമതി.ഷൈനി തോമസ് യു.പി.എസ്.ടി, ശ്രീമതി.ഷീനാമോൾ ജോൺ എൽ.പി.എസ്.ടി എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സിവിൽ) നം. 14562/2025-ലെ പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ചുവടെപ്പറയും വിധം ഉത്തരവായിരുന്നു,

The writ petition is therefore disposed permitting the petitioners to file fresh Revision Petitions before the 1st Respondent within a period of two weeks. If the petitioners file fresh Revision Petitions within a period of two weeks, attaching a copy of the judgment in this writ petition, the 1st respondent shall consider and pass appropriate orders thereon, within a period of four months from the date of receipt of a copy of this judgment, after giving an opportunity of hearing to the petitioners and other affected parties, if any.

ബഹു. ഹൈക്കോടതി ഉത്തരവായതു പ്രകാരം ഹർജിക്കാർ സർക്കാരിൽ പരാമർശം (2) പുന:പരിശോധന ഹർജികൾ സമർപ്പിച്ചു. ചങ്ങലീരി എ.യു.പി. സ്കൂളിൽ 31/3/2018 തീയതിയിൽ ശ്രീ.മുരളീധരൻ എൽ.പി.എസ്.ടി വിരമിച്ച ഒഴിവിൽ 1/6/2018 മുതൽ ശ്രീമതി. അനുമോൾ ബേബിയെ എൽ.പി.എസ്.ടി ആയും, ശ്രീമതി. ഷൈനി എം.സി. യു.പി.എസ്.ടി 25/8/2017-ന് രാജിവച്ച ഒഴിവിൽ 11/9/2017 മുതൽ ശ്രീമതി. ഷൈനി തോമസിനെ യു.പി.എസ്.ടി. ആയും ശ്രീമതി. ഗീത എൻ. എൽ.പി.എസ്.ടി 31/5/2018-ൽ വിരമിച്ച ഒഴിവിൽ 01/06/2018 മുതൽ ശ്രീമതി. ഷീനമോൾ ജോണിനെ എൽ.പി.എസ്.ടി. ആയും മാനേജർ നിയമിക്കുകയുണ്ടായി. ഇവരുടെ നിയമനം റഗുലർ തസ്തികകളിലാണ് നടന്നതെങ്കിലും 06/02/2021 മുതൽ മാത്രമാണ് ശമ്പളാനുകല്യം ലഭ്യമായതെന്നും അതു വരെയുള്ള കാലയളവ് നോഷണൽ ആയി അംഗീകരിച്ചിരിക്കുന്ന ഉത്തരവ് ഭേദഗതി ചെയ്ത് നിയമന തീയതി മുതൽ ശമ്പളാനുകല്യം അനുവദിക്കണമെന്നതാണ് ഹർജികളിലെ അപേക്ഷ.

കോടതിവിധിയുടെ അടിസ്ഥാനത്തിൽ 18/08/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന അനുവദിച്ച ഹിയറിങ്ങിൽ ഹർജിക്കാർ, വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**2. വിഷയത്തിൽ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

ചങ്ങലീരി എ.യു.പി സ്കൂളിലെ ശ്രീ. മുരളീധരൻ പി.ഡി. ടീച്ചർ 31/03/2018-ന് വിരമിച്ച ഒഴിവിലേക്ക് സിസ്റ്റർ അനുമോൾ ബേബിയെ 01/06/2018 മുതൽ എൽ.പി.എസ്.ടി ആയി മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി നിയമനം സീനിയർ അദ്ധ്യാപകരായ ശ്രീമതി. വിജിത പി., ശ്രീമതി. സുമയ്യ വി., ശ്രീമതി. നയന എ.ജെ., ശ്രീമതി. സിബി ജോൺ എന്നിവരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല, കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാൽ പ്രസ്തുത കാര്യാലയത്തിലെ 21/12/2018-ലെ കെ.ഡിസ്/സി/2117/18 ഉത്തരവ് പ്രകാരം നിരസിച്ചു നൽകിയിരുന്നു. സ.ഉ. (അച്ചടി) നം.04/2021/പൊ.വി.വ തീയതി 06/02/2021, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/02/2021 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ. സർക്കുലർ പ്രകാരവും സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചു കൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലും മുകളിൽ സൂചിപ്പിച്ച സീനിയർ അദ്ധ്യാപകരുടെയെല്ലാം നിയമനങ്ങൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലും സിസ്റ്റർ അനുമോൾ ബേബിയുടെ എൽ.പി.എസ്.ടി നിയമനവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് നമ്പർ C/8085/2021/കെ.ഡിസ് തീയതി 18/03/2021 പ്രകാരം 01/06/2018 മുതൽ 05/02/2021 വരെ നോഷണലായിട്ടും 06/02/2021 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങൾ അനുവദിച്ചും ഉത്തരവായിരുന്നു.

ചങ്ങലീരി എ.യു.പി സ്കൂളിൽ 01/06/2016 മുതൽ ശ്രീ. മുഹമ്മദ് ഹുസൈൻ യു.പി.എസ്.ടി യുടെ ശൂന്യവേതനാവധി ഒഴിവിലും തുടർന്ന് 09/06/2017 മുതൽ 2016-17 വർഷം അനുവദിച്ചിരുന്ന അധിക യു.പി.എസ്.ടി തസ്തികയിലും ജോലി ചെയ്തു വന്നിരുന്ന സിസ്റ്റർ. ഷൈനി തോമസിനെ പ്രസ്തുത വിദ്യാലയത്തിലെ യു.പി.എസ്.ടി. ആയ ശ്രീമതി. ഷൈനി എം.സി. 25/08/2017-ന് രാജി വച്ച ഒഴിവിലേക്ക് 11/09/2017 മുതൽ മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി

സമർപ്പിക്കുകയും ചെയ്തിരുന്നു. ടി നിയമനം 06/02/2021-ലെ സ.ഉ. (പി) നം. 4/2021/പൊ.വി.വ. ഉത്തരവ് പ്രകാരം നിയമന തീയതി മുതൽ നോഷണലായും 06/02/2021 മുതൽ ശമ്പളാനുകൂല്യത്തോടെയും മണ്ണാർക്കാട് ഉപജില്ലാ ഓഫീസിലെ ഉത്തരവ് നമ്പർ C/7098/2021/കെ.ഡിസ് തീയതി 18/03/2021 പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

ചങ്ങലീരി എ.യു.പി സ്കൂളിലെ ശ്രീമതി. ഗീത എൻ., എൽ.പി.എസ്.ടി 31/05/2018-ന് വിരമിച്ച ഒഴിവിലേക്ക് സിസ്റ്റർ. ഷീനമോൾ ജോണിനെ 01/06/2018 മുതൽ എൽ.പി.എസ്.ടി ആയി മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. ടി നിയമനം സീനിയർ അദ്ധ്യാപകരായ ശ്രീമതി. വിജിത പി., ശ്രീമതി. സുമയ്യ വി., ശ്രീമതി. നയന എ.ജെ., ശ്രീമതി. സിബി ജോൺ എന്നിവരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല, കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാൽ പ്രസ്തുത കാര്യാലയത്തിലെ 21/12/2018-ലെ കെ.ഡിസ്/സി/2138/18 ഉത്തരവ് പ്രകാരം നിരസിച്ചു നൽകിയിരുന്നു. സ.ഉ (അച്ചടി) നം.04/2021/പൊ.വി.വ തീയതി 06/02/2021, 26/02/2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019/ഡി.ജി.ഇ സർക്കുലർ പ്രകാരവും സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലും മുകളിൽ സൂചിപ്പിച്ച സീനിയർ അദ്ധ്യാപകരുടെയെല്ലാം നിയമനങ്ങൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലും ഷീനമോൾ ജോൺ-ന്റെ നിയമനവും ഈ ഓഫീസിലെ ഉത്തരവ് നമ്പർ C/7720/2021/കെ.ഡിസ് തീയതി 18/03/2021 പ്രകാരം 01/06/2018 മുതൽ 05/02/2021 വരെ നോഷണലായിട്ടും 06/02/2021 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങൾ അനുവദിച്ചും ഉത്തരവായിരുന്നു.

സീനിയർ നിയമനങ്ങൾ 06/02/2021-ലെ സ.ഉ (അച്ചടി) നം.04/2021/പൊ.വി.വ പ്രകാരം നിയമന തീയതി മുതൽ 05/02/2021 വരെ നോഷണലായി അംഗീകരിച്ചതിനാലാണ് ശ്രീമതി. അനുമോൾ ബേബി, ശ്രീമതി. ഷൈനി തോമസ്, ശ്രീമതി. ഷീനമോൾ ജോൺ എന്നിവരുടെ നിയമനവും 05/02/2021 വരെ നോഷണലായി അംഗീകരിച്ചിട്ടുള്ളത്. അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭ്യമാകാതെ നിലനിന്നിരുന്ന സീനിയർ അധ്യാപകരെ മേല്പറഞ്ഞ രാജി, വിരമിക്കൽ തുടങ്ങിയ ഒഴിവുകളിൽ മാറ്റി നിയമിക്കുവാൻ മാനേജർ പ്രൊപോസൽ സമർപ്പിക്കാതിരുന്നതിനാൽ അവരുടെ നിയമനവും തുടർന്ന് ജൂനിയറായ ഹർജിക്കാരുടെ നിയമനവും നിയമനതിയതി മുതൽ നോഷണലായും 06/02/2021 മുതൽ ശമ്പള സ്കെയിലിലും അംഗീകരിക്കുവാനിടയായത് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**3.** ഹർജിക്കാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് സമയത്ത് സമർപ്പിച്ചിരുന്ന വാദങ്ങളുടെ അടിസ്ഥാനത്തിലും നിലവിലുള്ള KER വ്യവസ്ഥകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലും വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മാനേജർമാർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവുകളിലേക്ക് സംരക്ഷിതാധ്യാപകനെ നിയമിച്ചു ഉത്തരവാകുകയോ ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ നിയമിക്കാമെന്ന് സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള KER വ്യവസ്ഥകളിൽ താത്കാലിക ഇളവ് നൽകി നിയമിക്കപ്പെട്ട

ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാവുന്നതാണെന്നും ഇവ നടപ്പാക്കുന്നതു മൂലം ഉണ്ടാകുന്ന കുടിശ്ശിക സാമ്പത്തിക ആനുകൂല്യം നോഷണൽ ആയിരിക്കുന്നതാണെന്നും 06/02/2021-ലെ സ.ഉ (അച്ചടി) നം.04/2021/പൊ.വി.വ ഖണ്ഡിക 4(2) പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. അധിക തസ്തികകളിൽ നിയമനംഗീകാരം ലഭ്യമാകാതെ നില നിന്നിരുന്ന സീനിയർ അധ്യാപകരെ 31/03/2018-ൽ ശ്രീ. മുരളീധരൻ എൽ.പി.എസ്.ടി വിരമിച്ച ഒഴിവിലും ശ്രീമതി. ഷൈനി.എം.സി യു.പി.എസ്.ടി. 25/08/2017-ന് രാജിവച്ച ഒഴിവിലും ശ്രീമതി. ഗീത എൻ. എൽ.പി.എസ്.ടി. 31/05/2018-ൽ വിരമിച്ച ഒഴിവിലും മാറ്റി നിയമിക്കുവാൻ മാനേജർ പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതിനാൽ അവരുടെ നിയമനവും തുടർന്ന് ജൂനിയറായ ഹർജിക്കാരുടെ നിയമനവും നിയമന തീയതി മുതൽ നോഷണലായും 06/02/2021 മുതൽ ശമ്പള സ്കെയിലിലും അംഗീകരിക്കുവാനിടയായത് എന്ന് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുകയാൽ ശ്രീമതി. അനുമോൾ ബേബി എൽ.പി.എസ്.ടി, ശ്രീമതി. ഷൈനി തോമസ് യു.പി.എസ്.ടി, ശ്രീമതി. ഷീനാമോൾ ജോൺ എൽ.പി.എസ്.ടി എന്നിവരുടെ നിയമനം G.O. (Rt) No. 2794/23/Gen.Edn, തീയതി 08/05/2023 പ്രകാരം അംഗീകാരം നൽകിയ ശ്രീമതി. ഫർഹാനയുടെ നിയമനത്തിനു സമാനമായി കണക്കാക്കുവാൻ കഴിയുകയില്ല എന്നതിനാലും ചങ്ങലീരി എ.യു.പി.എസ് മാനേജർ സത്യപ്രസ്താവന നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 06/02/2021-ലെ ഉത്തരവ് പ്രകാരം ശ്രീമതി ശ്രീമതി. അനുമോൾ ബേബി, ശ്രീമതി. ഷൈനി തോമസ്, ശ്രീമതി. ഷീനമോൾ ജോൺ എന്നിവരുടെ നിയമനം 05/02/2021 വരെ നോഷണലായി മാത്രമേ അംഗീകരിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലും ടി അദ്ധ്യാപകരുടെ നിയമനം 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പളാനുകൂല്യത്തോടെയും അംഗീകരിച്ച മണ്ണാർക്കാട് എ.ഇ.ഒ യുടെ നടപടി ക്രമപ്രകാരമുള്ളതായി കാണുന്നു.

ഹർ ജിക്കാരുടെ റെഗുലർ തസ്തികകളിലെ നിയമനം നോഷണലായി നിയമനാംഗീകാരം നൽകിയിട്ടുള്ളത്, അധിക തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള സീനിയർ നിയമനാർത്ഥികൾക്ക് നോഷണലായി നിയമനാംഗീകാരം നൽകിയിട്ടുള്ളതിന്റെ മാത്രം അടിസ്ഥാനത്തിലാണോ എന്നതിൽ വ്യക്തമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആവശ്യപ്പെടുകയും, പരാമർശം (4) ൽ സീനിയർ നിയമനാർത്ഥികളായ ശ്രീമതി. വിജിത പി., ശ്രീമതി. സുമയ്യ വി., ശ്രീമതി. നയന എ.ജെ., ശ്രീമതി. സിബി ജോൺ എന്നിവരുടെ 2016-17 അധിക തസ്തികയിലെ നിയമനങ്ങൾ സർക്കാർ ഉത്തരവ് 04/2021, തിയതി 06/02/2021 പ്രകാരം 15/07/2016 മുതൽ നോഷണലായും 06/02/2021 മുതൽ ശമ്പള അനുകൂല്യത്തോടെയുമാണ് അംഗീകരിച്ചിട്ടുള്ളത് എന്നും സീനിയറായ അദ്ധ്യാപകർക്ക് നോഷണലായി നിയമനാംഗീകാരം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ശ്രീമതി. അനുമോൾ ബേബി, ശ്രീമതി. ഷൈനി തോമസ്, ശ്രീമതി. ഷീനാമോൾ ജോൺ എന്നിവരുടെ നിയമനങ്ങൾ നിയമന തീയ്യതി മുതൽ 05/02/2021 വരെ നോഷണലായി അംഗീകരിച്ചിട്ടുള്ളത് എന്നും എന്നും നിലവിൽ ഇവരെല്ലാം കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിരുന്നു.

മറ്റൊരു കേസിൽ സ.ഉ. (സാധാ) നം. 2794/23/പൊ.വി.വ. ഉത്തരവ് പ്രകാരം നിയമനാർത്ഥിയെ നിയമിച്ചത് ഒരു റെഗുലർ ഒഴിവിലായതിനാൽ സ.ഉ. (പി) നം. 04/2021/പൊവിവ തീയതി 06-02-2021 ഉത്തരവ്, റിട്ടയർമെന്റ് ഒഴിവിൽ നിയമിച്ചിട്ടുള്ള ടിയാളുടെ

നിയമനത്തിന് ബാധകമാക്കേണ്ടതില്ല എന്ന സാഹചര്യത്തിലും നിയമന തീയതി മുതൽ അംഗീകരിക്കുന്നതിന് വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

4. മേൽ സാഹചര്യത്തിൽ, റഗുലർ ഒഴിവുകളിലെ നിയമനം സ.ഉ.(പി) നം. 04/2021/പൊവിവ, തീയതി 06/02/2021 ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാലും അധിക തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള സീനിയർ നിയമനാർത്ഥികൾക്ക് നോഷണലായി നിയമനാംഗീകാരം നൽകിയിട്ടുള്ളതിന്റെ മാത്രം അടിസ്ഥാനത്തിൽ, റെഗുലർ ഒഴിവുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ജൂനിയർ നിയമനാർത്ഥികളായ ഹർജിക്കാർക്ക് നോഷണലായി നിയമനാംഗീകാരം നൽകുന്നത് ക്രമപ്രകാരമല്ലാത്തതിനാലും, പാലക്കാട് മണ്ണാർക്കാട് ചങ്ങലീരി എ.യു.പി. സ്കൂളിലെ ശ്രീമതി. അനുമോൾ ബേബി എൽ.പി.എസ്.ടി., ശ്രീമതി. ഷൈനി തോമസ് യു.പി.എസ്.ടി., ശ്രീമതി. ഷീനാമോൾ ജോൺ എൽ.പി.എസ്.ടി. എന്നിവരുടെ റഗുലർ ഒഴിവുകളിലെ നിയമനം നിയമന തീയതി മുതൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ മുൻപാകെ സമർപ്പിച്ച പരാമർശം (2) പുന:പരിശോധന ഹർജികൾ തീർപ്പാക്കി അപ്രകാരം റിട്ട് ഹർജി (സിവിൽ) നം. 14562/2025-ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് - 678 582.
മാനേജർ, എ.യു.പി. സ്കൂൾ, ചങ്ങലീരി, മണ്ണാർക്കാട്, പാലക്കാട് - 678 762.
ശ്രീമതി. അനുമോൾ ബേബി, എൽ.പി.എസ്.ടി., എ.യു.പി. സ്കൂൾ, ചങ്ങലീരി, മണ്ണാർക്കാട്, പാലക്കാട് - 678 762.
ശ്രീമതി. ഷൈനി തോമസ്, യു.പി.എസ്.ടി., എ.യു.പി. സ്കൂൾ, ചങ്ങലീരി, മണ്ണാർക്കാട്, പാലക്കാട് - 678 762.
ശ്രീമതി. ഷീന മോൾ ജോൺ, എൽ.പി.എസ്.ടി., എ.യു.പി. സ്കൂൾ, ചങ്ങലീരി, മണ്ണാർക്കാട്, പാലക്കാട് - 678 762.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/71/2026-G.EDN, തീയതി 30/03/2026)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/121/2025-G.EDN).

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 07-08-2026
13:17:51

സെക്ഷൻ ഓഫീസർ